# Catholic Archbishop's House

P.B.No.706, Trichur – 680 005
Kerala, India


200 / 2010 L - 1
02 / 02 / 2010

## വിജ്ഞാപനം

## അഭിവന്ദ്യപിതാക്കന്മാരുടെ മെത്രാഭിഷേകം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, വത്സലമക്കളേ,

സീറോ മലബാർ സഭയ്ക്ക് വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് 2010 ജനുവരി 18-ാം തീയതി ലഭിച്ചത്. 6 പുതിയ മെത്രാന്മാർ നിയമിതരായിരിക്കുന്നു. അതിൽ മൂന്നുപേർ നമ്മുടെ അതിരൂപതയിൽ നിന്നുള്ളവരാണ്. തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാനായി ഇപ്പോഴത്തെ വികാരി ജനറാൾ മോൺ. റാഫേൽ തട്ടിലും, സീറോ മലബാർ സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയുടെ മെത്രാനായി മുൻവികാരിജനറാളും ആലുവ സെമിനാരിയിലെ ഇപ്പോഴത്തെ റെക്ടറുമായ മോൺ. ബോസ്കോ പുത്തൂരും പുതിയ രൂപതയായ രാമനാഥപുരത്തെ പ്രഥമ മെത്രാനായി മുൻചാൻസലറും മൈനർ സെമിനാരിയുടെ ഇപ്പോഴത്തെ റെക്ടറുമായ മോൺ. പോൾ ആലപ്പാട്ടും നിയമിതരായി. മാത്രമല്ല, നമ്മുടെ പ്രവശ്യയിൽപ്പെട്ട ഇരിങ്ങാലക്കുട രൂപതയുടെ രണ്ടാമത്തെ മെത്രാനായി മോൺ. പോളി കണ്ണൂക്കാടനും നിയമിതനായിട്ടുണ്ട്. ദൈവം നമ്മുടെ സഭയ്ക്കും അതിരൂപതയ്ക്കും നൽകിയിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങൾക്ക് നന്ദി പറയാനുള്ള അവസരമാണിത്.

ഇന്ത്യയിലെ ഏറ്റവും വലിയ രൂപതകളിലൊന്നാണ് നമ്മുടെ അതിരൂപത. ജനസംഖ്യകൊണ്ടും പള്ളികളുടേയും സ്ഥാപനങ്ങളുടേയും എണ്ണംകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും നമ്മുടെ അതിരൂപത വളരെ വിപുലമാണ്. അതിനാൽ അതിരൂപതാ സമൂഹത്തെ നയിക്കുന്നതിന് ഒരു സഹായമെത്രാൻ ആവശ്യമാണെന്ന് എനിക്ക്, 2007ൽ മെത്രാപ്പോലീത്തയായി ചാർജ്ജെടുത്ത ഉടനെ, ബോധ്യമായി. ഇന്ന് ഈ ആഗ്രഹം പൂവണിഞ്ഞിരിക്കയാണ്. ബുറൂണി രൂപതയുടെ സ്ഥാനികമെത്രാനും തൃശ്ശൂരിന്റെ സഹായ മെത്രാനുമായ റാഫേൽ തട്ടിൽ പിതാവിനുവേണ്ടി ആരാധനക്രമത്തിലടക്കം പ്രത്യേകം പ്രാർത്ഥിക്കുകയും നമ്മുടെ സ്വന്തമായി കരുതി സഹായസഹകരണങ്ങൾ നൽകുകയും വേണം. ഉയിർപ്പുതിരുനാളിനുശേഷം 2010 ഏപ്രിൽ 10-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ചാണ് മെത്രാഭിഷേകം. നിങ്ങളേവരുടേയും പ്രാർത്ഥനയും സാന്നിധ്യവും സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. വിശദാംശങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. കഴിയുന്നത്ര ആളുകൾ പങ്കുചേരണമെന്നതാണ് എന്റെ ആഗ്രഹം. അതിരൂപതാധ്യക്ഷനോടെന്നപോലെ സഹായമെത്രാനോടും സഹകരണവും വിധേയത്വവും പ്രകാശിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മോൺ. ബോസ്കോ പുത്തൂർ പിതാവിന്റെ മെത്രാഭിഷേകം നടക്കുന്നത് 2010 ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് സീറോ മലബാർ സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽവെച്ച് നമ്മുടെ മേജർ ആർച്ചബിഷപ് മാർ വർക്കി വിതയത്തിൽ പിതാവിന്റെ കാർമ്മികത്വത്തിലാണ്. സഭയുടെ ആദ്യത്തെ കൂരിയ മെത്രാനായ അദ്ദേഹം ഫൊറാസിയാന രൂപതയുടെ സ്ഥാനികമെത്രാൻ കൂടിയാണ്. ബോസ്കോ പിതാവിനുവേണ്ടി നാം തീഷ്ണതയോടെ പ്രാർത്ഥിക്കണം. മെത്രാഭിഷേക പരിപാടികളിലേക്ക് എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു. കഴിയുന്നത്ര പേർ പങ്കെടുക്കുമല്ലോ. ബോസ്കോ പിതാവിന് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നതോടൊപ്പം അതിരൂപതയുടെ എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു.

തൃശ്ശൂർ മെത്രാപ്പോലീത്തൻ പ്രവശ്യയിൽപ്പെട്ട പാലക്കാട് രൂപത വിഭജിച്ച് കോയമ്പത്തൂർ, ഈറോഡ്, കരൂർ, തിരുപ്പൂർ പ്രദേശങ്ങളെ ഉൾപ്പെടുത്തി രാമനാഥപുരം രൂപത സ്ഥാപിതമായിരിക്കുകയാണ്. അവിഭക്ത തൃശ്ശൂർ രൂപതയുടെ ഭാഗമായിരുന്നു ഈ പ്രദേശം. പുതിയ രൂപതയുടെ പ്രഥമമെത്രാൻ നമ്മുടെ അതിരൂപതാംഗമായ മോൺ. പോൾ ആലപ്പാട്ടാണ്. 2010 ഏപ്രിൽ 11ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് കോയമ്പത്തൂരിൽ അൽവേർണിയ ഗ്രൗണ്ടിൽ വെച്ചു നടക്കുന്ന മെത്രാഭിഷേക ചടങ്ങുകൾക്ക് കഴിയുന്നത്ര ആളുകൾ പോകുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ പ്രവശ്യയിൽപ്പെട്ട ഇരിങ്ങാലക്കുട രൂപതയിൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പിൻഗാമിയായി മോൺ. പോളി കണ്ണൂക്കാടൻ 2010 ഏപ്രിൽ 18ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഇരിങ്ങാലക്കുടയിൽ വെച്ച് അഭിഷിക്തനാകുന്നു. പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ പിൻഗാമിയായി മോൺ. റെമേജിയൂസ് ഇഞ്ചിനാനിയിൽ 2010 ഏപ്രിൽ 8ന് താമരശ്ശേരിയിൽ വെച്ചും പുതിയ രൂപതയായ മണ്ഡ്യയുടെ പ്രഥമ മെത്രാനായി മോൺ. ജോർജ്ജ് ഞരളക്കാട്ട് മൈസൂരിൽ വെച്ച് 2010 ഏപ്രിൽ 7നും അഭിഷിക്തരാകുന്നു. പുതിയ പിതാക്കന്മാർക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അഭിവന്ദ്യരായ പഴയാറ്റിൽ പിതാവിനും ചിറ്റിലപ്പിള്ളി പിതാവിനും ദീർഘായുസ്സും ആയുരാരോഗ്യവും വിശ്രമ കാലഘട്ടത്തിൽ കൂടുതൽ സേവനത്തിനുള്ള ശക്തിയും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**രാമനാഥപുരം രൂപതയെ സഹായിക്കുക**

ഇല്ലായ്മയിൽ നിന്ന് പുതിയ രൂപതയ്ക്ക് രൂപവും ഭാവവും നൽകുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ആ രൂപതയുടെ പ്രഥമമെത്രാനായ ആലപ്പാട്ട് പിതാവിൽ നിക്ഷിപ്തമായിരിക്കുന്നത്. അതിരൂപതയുടെ മകനാണ് അദ്ദേഹം. നമ്മുടെ നാട്ടിൽ നിന്നുള്ള ധാരാളം പേർ ആ രൂപതയിൽ ഉണ്ട്. പുതിയ രൂപതയെ

പടുത്തുയർത്താൻ നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. രൂപതാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കോടികൾ ചെലവു വരുമെന്ന് അറിയാമല്ലോ. പ്രാർത്ഥനകൊണ്ടു മാത്രമല്ല, ആളുകൊണ്ടും അർത്ഥം കൊണ്ടും നാം രൂപതയെ സഹായിക്കണം. നമ്മുടെ മിഷൻ രൂപതയായി അതിനെ കണക്കാക്കണം. ഈ അവസരത്തിൽ, പുതിയ മെത്രാന് നമ്മുടേതായ ആദ്യത്തെ ഗഡു സാമ്പത്തികസഹായം കൊടുക്കുവാൻ ആഗ്രഹിക്കുന്നു. അതിനാൽ താഴെ പറയുന്ന രീതിയിൽ സഹായങ്ങൾ നൽകുവാൻ താത്പര്യപ്പെടുന്നു.

1 2010 ഫെബ്രുവരി 15-ാം തീയതി വിഭൂതി ദിവസത്തിലെ പരിത്യാഗത്തിന്റെ ഫലമായി നൽകുന്ന സ്തോത്രകാഴ്ചയും (ഒരു ദിവസത്തെ വേതനം) ഫെബ്രുവരി 23-ാം തീയതിയിലെ ഞായർ പിരിവും മുൻകൂട്ടി അറിയിച്ച് എടുത്ത്, പുതിയ രൂപതയ്ക്കുവേണ്ടി മാർച്ച് ആരംഭത്തിൽ അതിരൂപത ഫിനാൻസ് ഓഫീസറെ ഏൽപ്പിക്കുക.

2 അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളും സമർപ്പിത സമൂഹങ്ങളും വ്യക്തികളും സാധിക്കുന്ന സാമ്പത്തികസഹായം പുതിയ രൂപതയ്ക്കു വേണ്ടി അതിരൂപത ഫിനാൻസ് ഓഫീസറെ മാർച്ച് ആരംഭത്തിൽത്തന്നെ ഏല്പിക്കുക. അതിരൂപതയിലെ വൈദികരും അവരുടെ വിഹിതം നൽകുന്നതാണ്.

3 പള്ളികളുടെ വിഹിതമായി താഴെ പറയുന്ന രീതിയിൽ സംഖ്യ സ്വരൂപിച്ച് അടുത്ത വർഷത്തെ തെരട്ടിന് മുൻപായി കൊടുക്കുവാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| 100 – 300 വരെ വീടുകൾ ഉള്ള പള്ളികൾ | – | 2000 രൂപ |
| 300 – 500 വരെ വീടുകൾ ഉള്ള പള്ളികൾ | – | 3000 രൂപ |
| 500 – 750 വരെ വീടുകൾ ഉള്ള പള്ളികൾ | – | 5000 രൂപ |
| 750 – 1000 വരെ വീടുകൾ ഉള്ള പള്ളികൾ | – | 7000 രൂപ |
| 1000 – 2000 വരെ വീടുകൾ ഉള്ള പള്ളികൾ | – | 10,000 രൂപ |
| 2000നു മീതെ വീടുകൾ ഉള്ള പള്ളികൾ | – | 25,000 രൂപ |

4 രാമനാഥപുരം രൂപതയിലെ പുതിയ ഇടവകകളെ ട്വിന്നേജ് പരിപാടികളിലൂടെ സഹായിക്കുവാൻ നമ്മുടെ അതിരൂപതയിലെ ഇടവകകളെ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ മെത്രാപ്പോലിത്തൻ പ്രവിശ്യയിൽപ്പെട്ട പുതിയ പിതാക്കൻമാർക്ക് 2010 ഏപ്രിൽ 23 ാം തിയതി വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് തൃശൂർ ബസിലിക്കയിൽവച്ച് അതിരൂപതാതലത്തിലുള്ള സ്വീകരണവും അനുമോദനവും നൽകുന്നുണ്ട്. 3.30 നുള്ള ദിവ്യബലിയിലേക്കും തുടർന്നുള്ള യോഗത്തിലേക്കും ഏവരേയും ക്ഷണിക്കുന്നു.

ഈ അവസരത്തിൽ മറ്റു ചില കാര്യങ്ങൾ കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. വിശ്വാസവർഷം, കൂദാശവർഷം, വൈദികവർഷം എന്നീ ആചരണങ്ങളോടനുബന്ധിച്ച് ഇടവക നവീകരണത്തിന് ഉപയുക്തമായ പരിപാടികളിൽ നിങ്ങളുടെ സജീവ പങ്കാളിത്തവും നേതൃത്വവും ഉണ്ടാകണം. വി. ജോൺ മരിയ വിയാനിയുടെ തിരുശേഷിപ്പ് ഇടവകകളിലേക്ക് കൊണ്ടുവന്ന് വൈദിക വിശുദ്ധീകരണത്തിനും ദൈവവിളി പരിപോഷണത്തിനും വേണ്ടി പ്രോത്സാഹനങ്ങൾ നൽകുവാൻ അഭ്യർത്ഥിക്കുന്നു.

2010 ഫെബ്രുവരി 15ന് വലിയനാമ്പ് ആരംഭിക്കുന്നു. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് നോമ്പുകാല ചൈതന്യം. ജീവിതനവീകരണത്തിന് ഈ കാലഘട്ടം നമുക്ക് നന്നായി വിനിയോഗിക്കാം. മാർച്ച് 21ന് പാലയൂർ മഹാതീർത്ഥാടനമാണ്. വിഭൂതി ദിവസത്തെ വ്രതാരംഭ കൂട്ടായ്മയോടെ നമ്മുടെ വിശ്വാസതീർത്ഥാടന പരിപാടികൾക്ക് ആരംഭം കുറിക്കുന്നു. വികാരിമാരുടെ നേതൃത്വത്തൽ ഈ തീർത്ഥാടനം വിജയപ്രദമാക്കാൻ ഏവരും പരിശ്രമിക്കണം.

പുതിയ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ നേർന്നു കൊണ്ടും അവരുടെ മെത്രാഭിഷേക കർമ്മത്തിലേക്ക് ക്ഷണിച്ചു കൊണ്ടും വലിയ നോമ്പുകാലം ദൈവാനുഗ്രഹത്തിന്റെ അവസരമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ടും,

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**NB:**

1. 2010 ഏപ്രിൽ 10 മുതൽ നമ്മുടെ അതിരൂപതയിൽ ആരാധനക്രമത്തിൽ അഭിവന്ദ്യപിതാക്കന്മാർക്കു വേണ്ടി താഴെ പറയുന്ന രീതിയിൽ പ്രാർത്ഥിക്കേണ്ടതാണ്.

"സാർവ്വത്രിക സഭയുടെ തലവനും പിതാവുമായ മാർ ബനഡിക്ട് പാപ്പായ്ക്കു വേണ്ടിയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ വർക്കി മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ മേലധ്യക്ഷനും പിതാവുമായ മാർ ആൻഡ്രൂസ് മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ വത്സല പിതാക്കന്മാരായ മാർ ജേക്കബ് പിതാവിനും മാർ റാഫേൽ പിതാവിനും വേണ്ടിയും .............."

2. ഈ വിജ്ഞാപനം 2010 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. **+AT**